# ഗൾഫുകാരന്റെ പ്രതിസന്ധി

ഗൾഫുകാരന് എന്തെങ്കിലും വിധത്തിലുള്ള പ്രതിസന്ധിയുണ്ടോ? പെട്ടെന്നൊന്നും ബാധിക്കനിടയില്ല എന്നാണ് പല ഗൾഫുകാരുടെയും ധാരണ. ഇപ്പറഞ്ഞത് തെറ്റാവാം, ശരിയുമാകാം. ഏതായാലും ആ ചിന്ത നല്ലതു തന്നെ. പക്ഷേ, ചില ഭാവിചിന്തകളും അതോടൊപ്പം ആവശ്യമാണ്.

പണപ്പെരുപ്പം ആഗോളപ്രതിസന്ധിയായിട്ടുണ്ട്. അതിനെ പെട്ടെന്നൊന്നും മറികടക്കാനാകാത്ത തരത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്. വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഇടത്തരം കുടുംബങ്ങളെയാണ് ഇത് ഏറെ ബാധിച്ചത്.

ഈ പ്രതിസന്ധി ഏറെ പ്രയാസപ്പെടുത്തുന്നത് ഗൾഫ്പ്രവാസികളായ താഴ്ന്ന വരുമാനക്കാരെയാണ്. രൂക്ഷമായ വിലക്കയറ്റത്തോടൊപ്പം കിട്ടുന്ന വരുമാനത്തിൽ വർദ്ധനവില്ലാതിരിക്കുകയുമായതോടെ ഈ വിഭാഗം ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുകയാണ്. പലരും തിരിച്ചുപോക്കിനെക്കുറിച്ച് ആലോചിക്കാൻ തുടങ്ങിയിട്ടുമുണ്ട്.

സാധനങ്ങളുടെ വില കുതിച്ചുയരുമ്പോഴും ഗൾഫുകാരന്റെ പ്രയാസങ്ങളെ തെല്ലെങ്കിലും ലഘൂകരിക്കാൻ അവരുടെ ബന്ധുക്കളാണ് മനസ്സ് വെക്കേണ്ടത്. കാരണം അവരാണല്ലോ ഗൾഫുകാരന്റെ പണത്തിന് മൂല്യം നിർണയിക്കുന്നതും അത് എന്ത് ചെയ്യണമെന്ന് നിശ്ചയിക്കുന്നതുമൊക്കെ.

നീട്ടിവലിച്ച് പറയേണ്ട ആവശ്യമില്ല. ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക തന്നെ വേണം. അതോടെ എല്ലാം ശരിയാകും എന്ന അർഥത്തിലല്ല പറയുന്നത്.

☞ ഗൾഫുകാരന്റെ വീടെന്ന മേനി അവസാനിപ്പിക്കുകയും ആർഭാടം അവസാനിപ്പിക്കുകയും ചെയ്യുക.

☞ അനിവാര്യമല്ലാത്ത എല്ലാ പൊതുമരാമത്ത് ജോലികളും നിർത്തിവെക്കുക.

☞ സ്വയം ചെയ്യാനാകുന്ന അത്തരം വീട്ടുജോലികൾ സ്വയം തന്നെ ചെയ്യുക.

☞ ചെലവുകൾ മെല്ലെ ചുരുക്കിക്കൊണ്ടുവരിക.

☞ ചെറിയ വിലക്ക് സാധനം കിട്ടാനുള്ളപ്പോൾ വില കൂടിയവ വാങ്ങാതിരിക്കുക.

☞ നടന്നെത്താവുന്ന ദൂരമാണെങ്കിൽ സ്വന്തം വാഹനം ഒഴിവാക്കി നടക്കുക.

☞ കല്യാണങ്ങൾക്കും മറ്റു പരിപാടികൾക്കും നൽകിയിരുന്ന വാരിയുള്ള സംഭാവനക്ക് പരിധി വെക്കുക. അത്തരം വിഷയങ്ങളിൽ ധൂർത്ത് അവസാനിപ്പിക്കുക.

☞ ചെറിയ രീതിയിലുള്ള അസുഖങ്ങൾക്ക് ഹോസ്പിറ്റലുകളിലേക്ക് ഓടാതിരിക്കുക. കാത്തിരുന്നു വർധിപ്പിക്കണമെന്നല്ല പറയുന്നത്.

☞ ചികിത്സാരംഗത്ത് കാര്യമായ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തുക. അവിടെയാണ് ഏറ്റവും വലിയ ചൂഷണം നടക്കുന്നത്. പ്രത്യേകിച്ച് ബന്ധു ഗൾഫുകാരനായ രോഗിയാണ് ഈ ചൂഷണത്തിന് വിധേയരാകുന്നത്.

ഈ രീതിയിലുള്ള ഒട്ടേറെ കാര്യങ്ങൾ സജീവ ശ്രദ്ധയിൽ വെക്കാനുണ്ട്.

സാമ്പത്തികവും ശാരീരികവുമായ വിചാരവും വിചാരണയും പ്രവാസികൾക്ക് ആവശ്യമാണ്. പ്രവാസജീവിതം അവസാനിപ്പിച്ച് പിതാവ് / ഭർത്താവ് തങ്ങളുടെ അടുത്തേക്ക് തിരിച്ചുവരണമെന്നു തന്നെയാണ് ഓരോ പ്രവാസിയുടെ കുടുംബവും ആഗ്രഹിക്കുന്നത്.

ശൂന്യമായ കൈകളോടെ മടങ്ങുന്നത് കൊള്ളാം പക്ഷേ, അത് നാട്ടിൽ തനിക്ക് പരിചിതമായ ഒരു തൊഴിലിൽ ഏർപ്പെടാനുള്ള മാനസികാവസ്ഥയോടെയായിരിക്കണം തിരിച്ചുപോകുന്നത്.

പണപ്പെരുപ്പവും ഭക്ഷണക്കമ്മിയും വരുമാനം വേണ്ടത്ര ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഗാർഹികാന്തരീക്ഷത്തിൽ ചില നിയന്ത്രണം നാം സ്വീകരിക്കുക തന്നെ വേണം. പക്ഷേ, കുടുംബത്തെ അക്കാര്യത്തിൽ ബോധവത്ക്കരിച്ചു കൊണ്ടുവേണം അത് ചെയ്യാൻ.

നാട്ടിലെ ജോലിയിൽ ഏർപ്പെടുവാനും അതിലൂടെ കിട്ടുന്ന വരുമാനത്തിൽ ഒതുങ്ങി ജീവിക്കാനുമുള്ള മാനസികാവസ്ഥയും ഗൾഫുകാരന് അനിവാര്യമാണ്. പ്രത്യേകിച്ച് ഗൾഫിനെ സംബന്ധിച്ച കാഴ്ചപ്പാടും മാറിക്കൊണ്ടിരിക്കുകയാണ്. അനുഭവങ്ങളും അതുതന്നെയാണ് വിളിച്ചു പറയുന്നത്.